# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം22/2387/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം22/2387/2023 തീയ്യതി: 06/12/2023

## മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 28-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 28-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ. അബ്ദുൽ സത്താർ സി.പി. ഓഡിറ്റ് ഓഫീസർ (HG)
2) ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ എം, അസി. ഓഡിറ്റ് ഓഫീസർ.
3) ശ്രീ. റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
4) ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സഫിയ എം.സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. സീനത്ത് കെ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ. ബിന്ദു കെ.സി | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഖൗലത്ത് ഇ.കെ | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. വിമൽ ബാബു എ.കെ | വി. ഇ. ഒ | 01-04-2022 | 22-09-2022 |
| ശ്രീ. വിനയൻ | വി. ഇ. ഒ | 23-08-2022 | 31-03-2023 |
| ശ്രീമതി. ഹബീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-11-2022 |
| ശ്രീമതി. ബാസിമ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2022 | 06-01-2023 |
| ശ്രീമതി. റോസ്മേരി ഡികോസ്റ്റ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ശ്രീമതി. ഷഹാന | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. നജ്മുദ്ധീൻ | കൃഷി ഓഫീസർ | 30-07-2022 | 03-08-2022 |
| ശ്രീ. ഷെബിൻ ടി.പി | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീ. ഗിരീഷ് എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ. ഖാലിദ് കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ചാന്ദ്നി ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ. അഖിൽ ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ഇഖ്ബാൽ | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ. അബ്ദുൾ റസാഖ് | ഹെഡ് മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീമതി നൗഷ കെ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | തൊഴിലുറപ്പ പദ്ധതിയിൽ തുക വ്യത്യാസം | 1-1-4 |
| 6 | ലൈസൻസ് ഫീസ് ഇനത്തിലെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക നില | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 18 | ഡെപ്പോസിറ്റ് പ്രവർത്തികൾ - അവലോകനം. | 1-12 |
| 19 | കയ്യേറ്റം കണ്ടെത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-13 |
| 20 | കമ്മ്യൂണിറ്റി ഹാൾ -പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-14 |
| 21 | കാർഷികവിപണന കേന്ദ്രം - ലക്ഷ്യം നിറവേറുന്നില്ല. | 1-15 |
| 22 | അംഗൻവാടി കെട്ടിട നിർമ്മാണം സ്റ്റേറ്റ് മിഷന് തുക കൈമാറി - പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-16 |
| 23 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-17 |
| 24 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-18 |
| 25 | ഐ.കെ.എം. വിഹിതം നൽകി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. | 1-19 |
| 26 | പി.എം.എ.വൈ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 27 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം- രശീതി,വിനിയോഗ സാക്ഷ്യപത്രം- ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 28 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല. | 1-22 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-23 |
| 30 | നാനോ സംരംഭകർക്ക് ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-24 |
| 31 | പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-25 |
| 32 | ഭിന്നശേഷി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ | 1-26 |
| 33 | മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്ത പ്രൊജക്ടുകൾ | 1-27 |
| 34 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-28 |
| 35 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് സഹായം- മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ് | 1-29 |
| 36 | വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി. | 1-30 |
| 37 | കാർഷിക പ്രൊജക്ടുകൾ- ഇ-ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയില്ല. | 1-31 |

| | | |
|---|---|---|
| 38 | മരാമത്ത് പ്രവൃത്തിയിൽ അധിക നിരക്ക് നൽകി - ₹ 7248 തിരിച്ചടച്ചു. | 1-32 |
| 39 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-33 |
| 40 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-34 |
| 41 | അനുമതിയില്ലാത്ത ബാങ്ക് അക്കൗണ്ട്. | 1-35 |
| 42 | ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയില്ല. | 1-36 |
| 43 | അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-37 |
| 44 | ചട്ടപ്രകാരമല്ലാതെ കെട്ടിടം തരം മാറ്റം വരുത്തിയത്-വിശദാംശങ്ങൾ/ഫയൽ/രേഖകൾ ലഭ്യമാക്കിയില്ല. | 1-38 |
| 45 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി. | 1-39 |
| 46 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല. | 1-40 |
| 47 | വിവിധ സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഭിന്നശേഷി സ്കോളർഷിപ്പ്- അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി. ₹ 27500 അധികച്ചെലവ് | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കീഴ്പറമ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.07.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കിഴപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)**C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സ്ഥലം : മലപ്പുറം

തീയതി :06-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (

7031053) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (5052644) തുല്യമല്ല.

### 1-1-4 തൊഴിലുറപ്പ പദ്ധതിയിൽ തുക വ്യത്യാസം

തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ വാർഷിക കണക്ക് I-6 (22910997)രൂപ , I-14 (218988918+1071168=22970087 രൂപ) എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ 59090 രൂപയുടെ വ്യത്യാസം. വാർഷിക കണക്ക് പ്രകാരം ആകെ 31679226/-രൂപയും (22910997+8768229-B3)ക്ക I-6 പ്രകാരം 22910997/-രൂപയുമാണ് ചെലവ്.

### 1-1-5 ലൈസൻസ് ഫീസ് ഇനത്തിലെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഫാക്ടറി/വ്യാപാര ലൈസൻസ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം 328370 രൂപയാണ് ഡിമാന്റും കളക്ഷനും. മുൻവർഷത്തിലെ AFSപ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ 122550 രൂപയും തൻവർഷ കളക്ഷൻ 94300 രൂപയും ഉൾപ്പടെ ആകെ കളക്ഷൻ 216850 രൂപയാണ്. 111520 രൂപ വ്യത്യാസം.

### 1-1-6 ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത ഫണ്ടിനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ട് ഇനം | ACR പ്രകാരം | AFS പ്രകാരം(I-6+B-3) | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 17767782 | 18845095 | 1077313 |
| 2 | വികസന ഫണ്ട് SCP | 4617387 | 5166164 | 548777 |
| 3 | മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 9850287 | 10557791 | 707504 |

### 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തിയതി.22-03-2022 | 11(1)/25-02-2023 |

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 14230172.03 |
| വരവ് | 124354046 |
| ആകെ | 138584218 |
| ചെലവ് | 117322993 |
| നീക്കിയിരിപ്പ് | 21261255.03 |

കുറിപ്പ്:-

എ.എഫ്.എസ്. പ്രകാരമുള്ള വരവ് തുകയും സി.എഫ്.സി. ഒഴികെ എ.സി.ആർ. പ്രകാരമുള്ള ഫണ്ട് വരവ് തുകകളും ബി. ഫണ്ട്,എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുമാണ് വരവ് തുകയിൽ കണക്കിലെടുത്തത്. എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് തുകയും സി.എഫ്.സി. ഒഴികെയുള്ള എ.സി.ആർ. ഫണ്ടിനങ്ങൾ, ബി.ഫണ്ട്, എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നൽകിയ തുക എന്നിവയാണ് ചെലവ് തുകയിൽ കണക്കിലെടുത്തത്.

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 19717218 | 19717218 | 17767782 | 1949436 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 4657653 | 4657653 | 4617387 | 40266 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 15630000 | 15630000 | 9850287 | 5779713 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 4570000 | 4570000 | 4570000 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 4512579 | 4512579 | 3841602 | 670977 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 2327000 | 2327000 | 2135668 | 191332 |
| ബി ഫണ്ട് | 00 | 30781400 | 30781400 | 30781400 | 00 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 118102121 | 116 | 50969510 | 45 | 81 | 47.93 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2195 | 1374436 | 1376631 | 1012078 | 364653 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21898919 | 21898919 | 21898919 | 0 |

കുറിപ്പ്- തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ വാർഷിക കണക്ക് I-6 (22910997)രൂപ , I-14 (218988918+1071168=22970087 രൂപ) എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ 59090 രൂപയുടെ വ്യത്യാസം.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4697400 | 406 |
| വിധവാപെൻഷൻ | 8607000 | 715 |
| വാർദ്ധക്യകാലപെൻഷൻ | 13523800 | 1302 |
| വികലാംഗപെൻഷൻ | 3451400 | 313 |
| വിവാഹ ധനസഹായം | 240000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 261800 | 24 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2023 ന് 10.50 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. പഞ്ചായത്തിന് അവകാശപ്പെട്ട പുറമ്പോക്കുകൾ കയ്യേറ്റം ചെയ്യപ്പെട്ടത് തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.
3. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
4. ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
6. പ്രവർത്തിക്കാത്ത സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാതെ വാട്ടർ ചാർജ്ജ് ഒടുക്കുന്നത് നിർത്തിവച്ചതുമൂലം പിഴ ഇനത്തിൽ പഞ്ചായത്തിന് വൻ ബാധ്യത ഉണ്ടായി.
7. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
8. വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.
9. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
10. ബജറ്റ് തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.
11. സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.
12. അസിസ്റ്റന്റ് എഞ്ചിനിയരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു.

13. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ കെട്ടിട നിർമാണ ചട്ടങ്ങൾ, മാലിന്യ സംസ്കരണ ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. പാർക്കിങ്, ടോയ്‌ലെറ്റ് സൗകര്യങ്ങളിലെ അപര്യാപ്തതയും, ഓഫീസിൽ പ്രവേശിക്കുന്നതിന് പാദരക്ഷകൾ ഊരിവെക്കണമെന്ന, സർക്കാർ ഉത്തരവിന് വിരുദ്ധമായ, ബോർഡും ഇക്കാര്യത്തിലെ വീഴ്ചകൾക്ക് ഉദാഹരണമാണ്.
14. പഞ്ചായത്ത് കാര്യാലയത്തിലും ഘടക സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഉപയോഗരഹിതമായ ഉപകരണങ്ങൾ, ടയറുകൾ, ഫർണിച്ചർ തുടങ്ങിയവ അതാതു സമയമോ വർഷത്തിലൊരിക്കലെങ്കിലോ നിയമവിധേയമായി കൈയൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊണ്ടു വരുന്ന സാമ്പിളുകൾ പ്രസ്തുത നടപടികൾ പൂർത്തിയായാലുടൻ തിരിച്ച് കൊണ്ടു പോകാനും അല്ലാത്ത പക്ഷം പഞ്ചായത്തിൽ മുതൽക്കൂട്ടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
15. പഞ്ചായത്ത് നിർമ്മിച്ചു കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി ഹാളിന്റെ ഉപയോഗം സംബന്ധിച്ച ബൈലോ, കെട്ടിടത്തിന്റെ അന്തിമ ബിൽ നൽകുന്നതിനു മുമ്പേ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം നേടി സജ്ജമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2022 | 12/21 To 05/22 | 11.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.08.2010 – 28.08.2010 | 2004-05 മുതൽ 2009-10 വരെ | 03.08.2010 |

## 1-11 തനത് വരുമാന സമാഹരണം – അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കിഴപറമ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 18 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതെങ്കിലും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കുന്നതിനോ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ലൈസൻസ് അദാലത്ത് നടത്തുന്നത് പോലുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കിഴപറമ്പ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ

സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി അന്തിമ വിജ്ഞാപനം 2023/2535(1)/28.09.23 നമ്പർ നോട്ടീസ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ച് കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും കുറഞ്ഞതോ കുറഞ്ഞ വർദ്ധനവ് ചെയ്യതോ ആയ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 2023/2535/27.05.23നമ്പർ നോട്ടീസ് പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അന്തിമ വിജ്ഞാപനത്തിന്റെ കൂടെ തന്നെ മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് വസ്തു നികുതി വിജ്ഞാപനത്തിന്റെ കൂടെ 28.09.23നാണ് പുറപ്പെടുവിച്ചത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 578 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ താത്കാലിക ഓവർസിയർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കിഴപറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

കിഴപറമ്പ് ഗ്രാമപഞ്ചായത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

**കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവത്കരണം**

ഗ്രാമ പഞ്ചായത്തിന്റെ സുപ്രധാന വരവിനമായ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇനത്തിൽ 156708/-രൂപയും

ക്രമവത്കരണ ഫീസ് ഇനത്തിൽ 168832/-രൂപയും ഉൾപ്പെടെ ആകെ 325540/-രൂപയുമാണ് ഈയിനത്തിൽ തൻവർഷം ലഭ്യമായത്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയ വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 97450 രൂപയാണ് വരവ്. ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 350 സ്ഥാപനങ്ങളാണ് ഉള്ളത്. ലൈസൻസ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 350 സ്ഥാപനങ്ങളിൽ നിന്നായി 328370/- രൂപയാണ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 351 വ്യാപാര സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 8/2022-23/25.10.2023 മറുപടി ലഭ്യമായിട്ടില്ല)

## 1-12 ഡെപ്പോസിറ്റ് പ്രവർത്തികൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയലിൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ഡെപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | അമ്പലക്കണ്ടി ഓത്തുപള്ളിപ്പുറായി ഇലക്ട്രിക് പോസ്റ്റ് മാറ്റൽ. | 2017-18 | KSEB | 75000 | 0 | 75000 |
| 2 | കപ്പിയേടത്ത് പൈപ്പ് ലൈൻ നീട്ടൽ. | 2017-18 | KWA | 50000 | 0 | 50000 |
| 3 | വട്ടിയത്ത്മൂല പൈപ്പ് ലൈൻ നീട്ടൽ. | 2017-18 | KWA | 15000 | 0 | 15,000 |
| 4 | ആണിയിൽമൂല-ഹിൽടോപ്പ് പൈപ്പ് ലൈൻ നീട്ടൽ. | 2017-18 | KWA | 225000 | 0 | 225000 |
| 5 | കാഞ്ഞിരക്കുന്ന്-ആണിയിൽ പൈപ്പ് ലൈൻ നീട്ടൽ. | 2017-18 | KWA | 75000 | 0 | 75000 |
| 6 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ. | 2018-19 | KWA | 406000 | 0 | 406000 |
| 7 | കല്ലായി എരഞ്ഞിമാവ് ഭാഗത്തേക്ക് കെ.ഡബ്ല്യു.എ പൈപ്പ് ലൈൻ നീട്ടൽ. | 2018-19 | KWA | 200000 | 0 | 200000 |
| 8 | കല്ലായി എരഞ്ഞിമാവ് ഭാഗത്തേക്കു പൈപ്പ് ലൈൻ സ്ഥാപിക്കൽ (273/20) | 2019-20 | KWA | 50000 | 0 | 50000 |
| 9 | വാലില്ലാപുഴ മുത്തേട് ഭാഗത്തേക്കുള്ള KWA പൈപ്പ് ലൈൻ നീട്ടൽ(79/21). | 2020-21 | KWA | 100000 | 0 | 100000 |
| 10 | അംഗനവാടികളിലേക്ക് കുടിവെള്ള കണക്ഷൻ (234/21). | 2020-21 | KWA | 200000 | 0 | 200000 |
| 11 | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ(246/21). | 2020-21 | KWA | 300000 | 0 | 300000 |
| 12 | പുലക്കുന്നത്ത് കോളനി KWA പൈപ്പ് ലൈൻ നീട്ടൽ(323/21). | 2020-21 | KWA | 200000 | 0 | 200000 |
| 13 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (258/22). | 2021-22 | KSEB | 78503 | 0 | 78503 |

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 01/21.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 കയ്യേറ്റം കണ്ടെത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 218 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതു ജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറു പുഴകളും ജലമാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ എല്ലാ നീരുറവകളും ജല സംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

കേരള പഞ്ചായത്ത് രാജ് ( കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം അനധികൃത കയ്യേറ്റങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ സി2-15471/18 നം സർക്കുലറിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ അതിർത്തി അടിയന്തിരമായി റിസർവേ നടത്തി കല്ലിട്ട് വേർതിരിക്കുന്നതിനും, വേലി കെട്ടി സംരക്ഷിക്കുന്നതിനും , കയ്യേറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

മൂന്ന് ഭാഗവും പുഴയാൽ ചുറ്റപ്പെട്ട ( ചാലിയാർ , ചെറുപുഴ ) പഞ്ചായത്തിൽ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 218 പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയ പൊതു ജല മാർഗ്ഗങ്ങൾ, നദികളുടെ തടങ്ങൾ, തീരങ്ങൾ, ചെറു പുഴകൾ, ജലമാർഗ്ഗങ്ങൾ,

കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ നീരുറവകൾ, ജല സംഭരണികൾ, അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഭൂമി എന്നിവ കണ്ടെത്തുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള പൊതു ജല സ്രോതസ്സായിരുന്ന വാലില്ലാപ്പുഴ സ്വകാര്യവ്യക്തികൾ കയ്യേറി നികത്തിയത് സംബന്ധിച്ച് കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുന്നുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി സ്വകാര്യവ്യക്തികൾ കയ്യേറിയത് സംബന്ധിച്ച് കേസ് നടന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിലും പഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ട മറ്റ് ആസ്തികൾ കണ്ടെത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ , പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ എന്നിവ പ്രകാരം പഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നത് വളരെ ഗൗരവമായി വീക്ഷിക്കേണ്ടതുണ്ട്.

പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തികൾ കണ്ടെത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്ത് സ്വീകരിച്ച നടപടിവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/27.10.2023 ) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 കമ്മ്യൂണിറ്റി ഹാൾ -പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് 2019-20 മുതൽ 2022-23 വർഷം വരെ വിവിധ പ്രൊജക്റ്റുകളിലായി **₹ 8176323**ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്മ്യൂണിറ്റി ഹാൾ പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.

ചെലവുകളുടെ വിവരം താഴെ നൽകുന്നു.

| വർഷം | പ്രൊജക്റ്റ് | ചെലവ് |
|---|---|---|
| 2019-20 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 171/20) | 479243 |
| 2020-21 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച 2020-21 ( 269/21 ) | 494068 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച ( 274/21) | 678003 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 364/ 21 ) | 625028 |
| 2021-22 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച (2021-22) 133/22 | 1135513 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 188/22 ) | 888408 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച 2020-21 ( 220/22) | 598096 |
| | പഞ്ചായത്ത് കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം ( 221/22) | 717449 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച ( 231/22 ) | 714312 |
| 2022-23 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടർച്ച 2022-23 ( 11/23 ) | 1388668 |
| | പഞ്ചായത്ത് കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം (30/23 ) | 457535 |
| | ആകെ | **8176323** |

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് കമ്മ്യൂണിറ്റി ഹാൾ ഉപയോഗപ്പെടുത്താത്തത് മൂലം നാളിതുവരെ ചെലവഴിച്ച 81 ലക്ഷത്തിലധികം രൂപയുടെ ഗുണഫലം ലഭിക്കുന്നില്ല.

പ്രവൃത്തി പൂർത്തീകരിച്ച് ഹാൾ ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/27.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 കാർഷികവിപണന കേന്ദ്രം - ലക്ഷ്യം നിറവേറുന്നില്ല.

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ " കൃഷിഭവൻ വിപണന കേന്ദ്രം നിർമ്മാണം" ( 202/20 ) എന്ന പ്രൊജക്റ്റ് പ്രകാരം ₹1173679 ചെലവഴിച്ച് കാർഷിക വിപണന കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. കൃഷി ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിച്ചത്.

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി രേഖകൾ പരിശോധിച്ചതിൽ മേൽ പരാമർശിക്കപ്പെട്ട കെട്ടിടം കാർഷിക വിപണന കേന്ദ്രം എന്ന പ്രാഥമിക ലക്ഷ്യത്തിന് ഉപയോഗിക്കുന്നില്ല എന്നാണ് വ്യക്തമായത്. കെട്ടിടം വാഹന റിപ്പയർ ഷോപ്പ് നടത്തുന്നതിന് സ്വകാര്യ വ്യക്തിക്ക് വാടകക്ക് നൽകിയിരിക്കുകയാണ്.

കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യംവച്ച് പ്രസ്തുത മേഖലക്ക് വകയിരുത്തിയ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഫണ്ടിന്റെ വകമാറ്റി ചെലവഴിക്കലായി കണക്കാക്കുന്നതാണ്.

കെട്ടിടം നിർമ്മിക്കപ്പെട്ട ലക്ഷ്യം നിറവേറ്റുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 അംഗൻവാടി കെട്ടിട നിർമ്മാണം സ്റ്റേറ്റ് മിഷന് തുക കൈമാറി – പൂർത്തീകരണ വിവരം ലഭ്യമല്ല.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | : | 72/23 | 73/23 |
| പേര് | : | വെസ്റ്റ് പത്തനാപുരം അങ്കണവാടി നിർമ്മാണം. | തൃക്കളയൂർ അങ്കണവാടി കെട്ടിടനിർമ്മാണം. |
| അടങ്കൽ തുക (₹) | : | 2,20,000/- (വികസന ഫണ്ട് - ജനറൽ) | 4,00,000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് (₹) | : | 2,20,000/- രൂപ | 4,00,000/- രൂപ. |
| ബിൽ റഫറൻസ് നമ്പർ / തീയതി | : | 2215095201130146351З തീയതി.24.03.2023 | 221509520113015114O3 തീയതി.28.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി | |

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് പത്തനാപുരം അങ്കണവാടി, തൃക്കളയൂർ അങ്കണവാടി കെട്ടിട നിർമ്മാണങ്ങൾക്കായി 6,20,000/- രൂപ എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 03/21.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ – കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു – വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 88/23 |
| പേര് | : | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 6,76,777/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് (₹) | : | 6,76,777/- രൂപ |
| ബിൽ റഫറൻസ് നമ്പർ / തീയതി | : | 22150952011301214268 തീയതി.20.02.2023 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് വേണ്ടി 6,76,777/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി കീഴുപറമ്പ് സെക്ഷൻ അസി.എഞ്ചിനീയർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 6,76,777/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 02/21.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (TechnicalCommittee) ജില്ലാആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവ്വഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ്

തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022- 23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത ഇലക്ട്രിക്കൽ പ്രവൃത്തികളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ / പേര് | അടങ്കൽ തുക | ചെലവ് തുക | വൗച്ചർ നമ്പർ/ BRN , തിയ്യതി | ഫണ്ട് |
|---|---|---|---|---|
| 64/23 – കുടുംബശ്രീ ആസ്ഥാന മന്ദിരം വയറിംഗ്. | 60000 | 59316 | 22150952011300964418/27.12.2022 | മെയിന്റനൻസ് ഫണ്ട് - റോഡിതരം. |
| 67/23 - കുന്ദ്ര സാംസ്കാരിക നിലയം വനിതാ വിശ്രമ കേന്ദ്രം കരുവാട് കീഴപറമ്പ് എം.സി.എഫ് എന്നിവയുടെ വയറിംഗ്. | 2,50,000 | 2,25,066 | 22150952011301397567/18.03.2023 | മെയിന്റനൻസ് ഫണ്ട് - റോഡിതരം. |

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള ഓണറേറിയം മുഴുവനായും ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 15/26.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 ഐ.കെ.എം വിഹിതം നൽകി– കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 70/23 |
| പേര് | : | ഐ.കെ.എം വിഹിതം അടവാക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 56,120/- രൂപ. (വികസന ഫണ്ട് - സാധാരണം) |
| ചെലവ് (₹) | : | 56,120/- രൂപ. |
| ബിൽ റഫറൻസ് നമ്പർ / തീയതി | : | 22150952011300431569 തീയതി.19.08.2022 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം ഐ.കെ.എം ന് 56,120/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.16/26.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പി.എം.എ.വൈ വിഹിതം അടവാക്കൽ – വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | : | 83/23 | 84/23 |
| പേര് | : | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം അടവാക്കൽ | പി.എം.എ.വൈ വിഹിതം അടവാക്കൽ (എസ്.സി) |
| അടങ്കൽ തുക (₹) | : | 1,40,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) | 1,40,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് (₹) | : | 1,40,000/- രൂപ | 1,40,000/- രൂപ. |

പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം താഴെ പറയുന്ന പ്രകാരം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ | തീയതി | തുക |
|---|---|---|
| 83/23 | 04.01.2023 | 70,000/- |
| | 04.01.2023 | 70,000/- |
| 84/23 | 04.01.2023 | 70,000/- |

| | | |
|---|---|---|
| | 04.01.2023 | 70,000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുകയായ 2,80,000/-രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.17/26.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–21 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം– രശീതി,വിനിയോഗ സാക്ഷ്യപത്രം– ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 132/23 |
| പേര് | ആർ.ജി.എസ്.എ മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണ വിഹിതം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക (₹) | 1,58,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | 1,58,000/- രൂപ |
| ബിൽ റഫറൻസ് നമ്പർ / തീയതി | 22150952011300466506 തീയതി.27.08.2022 |

മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 1,58,000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1,58,000/-രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.18/26.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–22 തുല്യത പരീക്ഷ ഫീസ് അടവാക്കൽ – വിശദാംശങ്ങൾ ലഭ്യമല്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 86/23 |
| പേര് | : | തുല്യത തുടർ സാക്ഷരത. |
| അടങ്കൽ തുക (₹) | : | 50,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : | 16,900/- രൂപ |
| BRN / തീയതി | : | 22150952011301476901/25.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | സെക്രട്ടറി |

2022-23 വർഷത്തെ പത്താം തരം തുല്യതാ കോഴ്സിന് വേണ്ടി 13 വിദ്യാർത്ഥികൾക്ക് 1,100/- രൂപ നിരക്കിൽ 14,300/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനും ഹയർ സെക്കണ്ടറി (പ്ലസ് ടു) തുല്യതാ കോഴ്സിനു വേണ്ടി 2 വിദ്യാർത്ഥികൾക്ക് 1,300/- രൂപ നിരക്കിൽ 2,600/- രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്കും കൈമാറിയിട്ടുണ്ട്.

എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെട്ട പഠിതാക്കളുടെ വിശദാംശം/അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെയും, പരീക്ഷ എഴുതിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 16,900/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.19/26.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–23 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 340/23 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 2,34,500/- രൂപ (വികസന ഫണ്ട് - എസ്.സി.പി)<br>6,00,000/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| വിനിയോഗിച്ച തുക | 2,32,750/- രൂപ (വികസന ഫണ്ട് - എസ്.സി.പി)<br>3,92,250/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ റഫറൻസ് നമ്പർ / തീയതി | 22150952025601338230തീയതി.13.03.2023 – 1,12,750/- രൂപ. |
| | 22150952025601373810തീയതി.16.03.2023 – 3,92,250/- രൂപ. |
| | 22150952025601399205തീയതി.18.03.2023 – 1,20,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.2.4 പ്രകാരം മെഡിക്കൽ കോഴ്സിന് 30,000/- രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപ, ബിരുദം 20,000/- രൂപ, ബിരുദാനന്തര ബിരുദം 30,000/- രൂപ, ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, പോളിടെക്നിക്/ഐ.ടി.ഐ 20,000/- രൂപ, പ്ലസ് 2 വിനു ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് അധിക നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചത് മൂലം 5,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേരും വിലാസവും. | കോഴ്സ്, സ്ഥാപനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക. |
|---|---|---|---|---|---|
| 1 | വൈഷ്ണവ്.പി.സത്യൻ, S/o.സത്യൻ.പി.കെ, പൂളക്കുന്നത്ത് ഹൌസ്, വാലില്ലാപ്പുഴ.പി.ഒ, പത്തനാപുരം.<br>(ബിൽ റഫറൻസ് നമ്പർ/തീയതി – 22150952025601338230തീയതി.13.03.2023) | ഡി - ഫാർമസി കോഴ്സ്, Sanjo College Of Pharmaceutical Studies, Vellapara, Chithali.P.O, Kuzhalmannam, Palakkad – 678702. | 20,000/- രൂപ | 15,000/- രൂപ | 5,000/- രൂപ. |

അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.25/27.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 നാനോ സംരംഭകർക്ക് ധനസഹായം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 82/23 |
| പ്രൊജക്ടിന്റെ പേര് | നാനോ സംരംഭകർക്ക് ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| അടങ്കൽ തുക | 6,00,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| വിനിയോഗിച്ച തുക | 6,00,000/- രൂപ |
| ബിൽ റഫറൻസ് നമ്പർ / തീയതി | 22150952025601519399തീയതി.28.03.2023 – 4,14,000/- രൂപ.<br>22150952025601523040തീയതി.28.03.2023 – 50,000/- രൂപ.<br>22150952025601537110തീയതി.28.03.2023 – 80,000/- രൂപ.<br>22150952025601577711തീയതി.31.03.2023 – 56,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

നാനോ സംരംഭകർക്ക് ധനസഹായം എന്ന ഈ പദ്ധതിയുടെ ഭാഗമായി 15 വനിതകൾക്ക് സ്വയം തൊഴിലിനുള്ള ധനസഹായമായി 6,00,000/- രൂപ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 6.5(2) പ്രകാരം വനിതാ വ്യക്തിഗത അപേക്ഷകർക്ക് 75% (പരമാവധി 90,000 രൂപ) ധനസഹായം അനുവദിക്കാവുന്നതാണ്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

**1). തുക അധികമായി അനുവദിച്ചു.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംരംഭക ചെലവിന്റെ 75 ശതമാനമാണ് പരമാവധി ധനസഹായം അനുവദിക്കാവുന്നത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഇതിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും. | സംരംഭക ചെലവ് | അനുവദിച്ച തുക. | അനുവദിക്കാവുന്ന തുക. (75%) | അധികമായി അനുവദിച്ചത്. |
|---|---|---|---|---|---|
| 1 | ശ്രീമതി.ജാസിറ.കെ.ടി, കോലോത്തുംതൊടി ഹൗസ്, വാലില്ലാപ്പുഴ.പി.ഒ<br>(ബിൽ റഫറൻസ് നമ്പർ. 22150952025601537110തീയതി. 28.03.2023) | 25000 രൂപ | 20000 രൂപ | 18750 രൂപ | 1250 |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീമതി.യമുന.പി, കുട്ടംപള്ളി ഹൗസ്, വലിയകുന്ന്, കുനിയിൽ, കീഴ്പറമ്പ്.പി.ഒ (പ്രണവ് ബാഗ് യൂണിറ്റ്) (ബിൽ റഫറൻസ് നമ്പർ. 22150952025601577711തീയതി.31.03.2023) | 50000 | 41000 | 37500 | 3500 |
| ആകെ | | | 61000 | 56250 | 4750 |

അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**2). അംഗീകൃത പ്രൊജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വനിതാ വ്യക്തിഗത ഗുണഭോക്താക്കൾക്ക് പരമാവധി 90,000 രൂപ ധനസഹായം അനുവദിക്കാമെങ്കിലും അംഗീകൃത പ്രൊജക്റ്റിൽ അനുവദിക്കാവുന്ന പരമാവധി തുക 60,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ള ശ്രീമതി. ഷാഹിദ.എം, കുന്നത്ത് ഹൗസ്, കീഴ്പറമ്പ് എന്ന ഗുണഭോക്താവിന് ബിൽ റഫറൻസ് നമ്പർ. 22150952025601519399തീയതി.28.03.2023 പ്രകാരം 75,000 രൂപ അനുവദിച്ചിട്ടുണ്ട്. അംഗീകൃത പ്രൊജക്റ്റ് റിവൈസ് ചെയ്തതായും കാണുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.26/27.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2022-23 വാർഷിക കണക്ക പ്രകാരം ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്നും 1,21,684/- രൂപ വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥിതി ചെയ്യുന്ന വാർഡ് എന്നിവ സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വർഷം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്ത് ഭരണ സമിതിയുടെ 22.03.2023 തീയതിയിലെ 2(5) നമ്പർ തീരുമാന പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 31.03.2023 ലെ ബി.4-258/23 നമ്പർ കത്ത് പ്രകാരം സെക്രട്ടറി കെ.എസ്.ഇ.ബി കീഴ്പറമ്പ് സെക്ഷൻ അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർനടപടി വിവരങ്ങളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, KSEB യുമായി സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 29/28.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗവൺമെന്റ് സർക്കുലർ നമ്പർ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ. തീയതി 15-09-2011 പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് ആധികാരികമായ കണക്ക് തയ്യാറാക്കി ടി വിളക്കുകൾക്ക് മാത്രമേ തുക ഒടുക്കുന്നുള്ളൂ എന്നുറപ്പ് വരുത്തേണ്ടതാണ്. കൂടാതെ, റിപ്പയർ രജിസ്റ്റർ, ഉപയോഗ ശൂന്യമായതും മാറ്റപ്പെട്ടതുമായ സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-26 ഭിന്നശേഷി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അപാകതകൾ

2022-23 ൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 17/23 ) എന്ന പ്രൊജക്റ്റ് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**I) സ്കോളർഷിപ്പിന് അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി. ₹ 27500 അധികച്ചെലവ്**

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ GO(MS) 115/2022/LSGD Dt 28.05.2022 നം ഉത്തരവ് പ്രകാരം കുറഞ്ഞത് 40% എങ്കിലും ശാരീരിക വൈകല്യമുള്ളവർക്ക് മാത്രമെ സഹായം നൽകാനാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ( Para 7.1.1 (3) )

ICDS സൂപ്പർവൈസറുടെ 05.01.2023 ലെ ബിൽ പ്രകാരം സ്കോളർഷിപ്പ് ഇനത്തിൽ 27500 നൽകിയ (Bill Dated 05-01-2023 CFC) മുഹമ്മദ് ഷമീർ YP ( അക്കൗണ്ട് നം 67216876395 , SBI ) എന്ന വിദ്യാർത്ഥിയുടെ രേഖകൾ പരിശോധിച്ചതിൽ ടിയാന് 25 % ശാരീരിക വൈകല്യം ആണ് ഉള്ളത് എന്ന് വ്യക്തമായി ( സർട്ടിഫിക്കറ്റ് നം MB/6242/ 2021 Dt 03.03.2022 Of District Medical Board, General Hospital Manjery )

ഈ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് ആനുകൂല്യത്തിന് അർഹതയില്ല. അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക ₹

27500 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരികെ അടക്കേണ്ടതാണ്.

**II- അർഹമായതിലും അധികം തുക ധനസഹായം നൽകി. ₹ 30500 അധികച്ചെലവ്**

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ GO(MS) 115/2022/LSGD Dt 28.05.2022 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകാവുന്ന സ്കോളർഷിപ്പ്, ബത്ത എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ( ( Para 7.1.6 )

ICDS സൂപ്പർവൈസർ ധനസഹായം നൽകിയ രേഖകൾ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അർഹമായതിൽ കൂടുതൽ തുക ധനസഹായം നൽകിയതായി വ്യക്തമായി

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ഗുണഭോക്താവ് / വൈകല്യം/ പഠിക്കുന്ന ക്ലാസ്സ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയത് | കുറിപ്പ് |
|---|---|---|---|---|---|
| 1 | അബ്ദുസ്സലാം പൂതനപ്പറമ്പ്<br>Acc No- 40139100103448<br>MR | 27500 | 37500 | 10000 | 10,000- Bil No 7/22-23 Dt 30.11.2022 ₹ 297875 ( ജില്ലാ പഞ്ചായത്ത് ഫണ്ട്)<br>27500 - Bil No 8/22-23 Dt 05.01.2023 ₹520605(പ്ലാൻ ഫണ്ട് ) |
| 2 | ഹനീൻ VP<br>Acc No- 479053000012638<br>MR | 27500 | 45000 | 17500 | 17500- 747000(05.01.2023 CFC<br>10000-Bil No 7/22-23 Dt 30.11.2022 ₹ 297875 ( ജില്ലാ പഞ്ചായത്ത് ഫണ്ട്)<br>17500- Bil No 17/22-23 Dt 21.03.2023 ₹ 332100 ( പ്ലാൻ ഫണ്ട്) |
| 3 | അഫ്രജ്<br>Acc No- 40139101043808<br>ശാരീരിക വൈകല്യം<br>7th Standard | 10600 | 13600 | 3000 | 3000- Bil No 10/22-23 Dt 05.01.2023 ₹ 85500( എസ്.സി.പി)<br>10600- Bil No 6/22-23 Dt 30.11.2022 ₹263220 (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |

**III- ബഡ്സ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്ത അനുവദിച്ച് നൽകി.**

ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 77737/ എഫ്.എം.1/2011/ ത.സ്വ.ഭ.വ തിയ്യതി- 01.04.2021 സർക്കുലർ പ്രകാരം യാത്രക്ക് സ്കൂൾ വാഹനം ഉപയോഗിക്കുന്ന കുട്ടികൾക്കുള്ള യാത്രാബത്ത കുട്ടികൾക്ക് നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കുട്ടികൾക്ക് അർഹമായ യാത്രാബത്ത കണക്കാക്കി സ്കൂൾ വികസന മാനേജ്മെന്റ് സമിതിക്ക് അനുവദിച്ച് നൽകാനാണ് നിർദ്ദേശിച്ചത്. ഇത് സ്കൂളിന്റെ വിവിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ICDS സൂപ്പർവൈസർ ധനസഹായം നൽകിയ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ബഡ്സ് സ്കൂളിൽ പഠിക്കുന്ന ഏതാനും കുട്ടികൾക്ക് യാത്രാബത്ത ഉൾപ്പെടെ ₹27500 അനുവദിച്ച് നൽകിയതായി വ്യക്തമായി. ബഡ്സ് സ്കൂൾ പ്രവർത്തനം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് പഞ്ചായത്ത് ചെലവിൽ യാത്രാസൗകര്യം നൽകുന്നുണ്ട് എന്ന് വ്യക്തമായി.

ആയതിനാൽ യാത്രക്ക് ബഡ്സ് സ്കൂളിൽ പഠിക്കുന്നവരിൽ സ്കൂൾ വാഹനം ഉപയോഗിക്കുന്ന കുട്ടികൾക്കുള്ള യാത്രാബത്ത കുട്ടികൾക്ക് നൽകുന്നത് ഒഴിവാക്കേണ്ടതും അവർക്ക് അർഹമായ തുക കണക്കാക്കി അത് ബഡ്സ് സ്കൂളിന് നൽകി സ്കൂളിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കേണ്ടതുമാണ്.

IV) ഭിന്നശേഷിക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ GO(MS) 115/2022/LSGD Dt 28.05.2022 പ്രകാരം ഭിന്നശേഷിക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ( Para 7.1.1 (2) )

എന്നാൽ പഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ ഡാറ്റാ ബേസ് പൂർണ്ണമായി തയ്യാറാക്കി നവീകരിച്ച് സൂക്ഷിക്കുന്നില്ല.

സർക്കാർ നിർദ്ദേശപ്രകാരം ഭിന്നശേഷിക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കി നവീകരിച്ച് സൂക്ഷിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/28.10.2023 ) ന് ഇ.മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ 27500/-രൂപ തിരികെ ഈടാക്കുന്നതാണെന്നും അധികമായി നൽകിയത തുക 30500/-രൂപ അടുത്ത വർഷത്തെ സ്കോളർഷിപ്പ് തുകകളിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അനർഹമായി നൽകിയ 27500/-രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. അധികം നൽകിയ 50500/-രൂപ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 30500/-രൂപ തടസ്സം ചെയ്യുന്നു.

## 1-27 മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്ത പ്രൊജക്റ്റുകൾ

2022-23 വർഷത്തിൽ ICDS സൂപ്പർവൈസർനിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്റ്റുകൾ പദ്ധതി മാർഗ്ഗരേഖ /സബ്ഡിഡി മാർഗ്ഗരേഖ [സ.ഉ.(എം.എസ്)84/2022തീയതി 19-04-2022 & സ.ഉ.(എം.എസ്)115/2022 തീയതി 28-05-2022 ]ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന് നടപ്പാക്കാൻ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതിയോ, നൂതന പ്രൊജക്റ്റ് അംഗീകരിക്കുന്നതിനുള്ള സമിതിയുടെ അനുമതിയോ തേടിയായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്റ്റുകൾക്ക് ഇത്തരത്തിൽ അനുമതി നേടിയതായും കാണുന്നില്ല.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| വയോജന സംഗമം ( 108/ 23) | 75000<br>(22150952025301254812/ 26.02.2023)(പ്ലാൻ ഫണ്ട്) | കീഴപറമ്പ് ഗ്രാമപഞ്ചായത്ത് വയോജന സംഗമം നടത്തിയത്. |
| വയോജനങ്ങൾക്ക് വിനോദയാത്ര (257/23) | ₹ 49210 (തനത് ഫണ്ട്) 22201062/31-03-2023<br>(₹29050, 20160 ) 22201058/31-03-2023 | വിനോദയാത്ര ചെലവുകൾ |

മേൽ പരാമർശിക്കപ്പെട്ട പ്രൊജക്റ്റുകൾ നടപ്പാക്കിയതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6/25.10.2023 ) മേൽ പ്രൊജക്റ്റുകൾക്ക് നൂതന പ്രൊജക്റ്റിന് അനുമതി നൽകുന്ന സമിതിയുടെ അംഗീകാരത്തിന് അപേക്ഷിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും സമയപരിധി കഴിഞ്ഞതിനാൽ അത് സാധ്യമായില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2023-24 വർഷത്തിൽ ഇതേ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് നൂതന പ്രൊജക്റ്റായി പഞ്ചായത്തിന് അനുവാദം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ വ്യക്തമായ അനുമതിയില്ലാത്ത പ്രൊജക്റ്റുകൾ സർക്കാരിന്റെയോ, നൂതന പ്രൊജക്റ്റുകൾക്ക് അനുമതി നൽകുന്നതിനുള്ള സമിതിയുടെയോ മുൻകൂർ അനുമതിയോടെ മാത്രം നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. ഈ സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരമുള്ള വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല എന്നും വ്യക്തമായി.

| പ്രൊജക്റ്റ് | വാങ്ങിയ സാധനങ്ങൾ | വില (GST ഉൾപ്പെടെ ) | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ ( 236/23 )<br>ചെലവ് -₹ 400,000<br>BRN 22150952026401367039 / 15.03.2023 ₹ 300,000 (പ്ലാൻ ജനറൽ )<br>BRN 2150952026401367051 / 15.03.2023 ₹ 100,000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് ) | STEEL BENCH WITH CR PIPES AND TOP WITH HW-180*30*35 CM<br>( 43Nos @2754) | 139737.96 | Bill No KKD 415 /04.03.2023 ₹ 401396 , |
| | STEEL DESK WITH CR PIPES AND TOP WITH HW-180*40*65 CM<br>( 43Nos @3008 | 152625.92 | |
| | HARD WOOD TABLE TWO DRAWER) 120 X 75 CM<br>12 Nos @ 5800 | 82128 | |
| | HARD WOOD PLANK SEAT AND REAPPER BACK CHAIR<br>3 Nos @ 2200 | 7788 | |
| | STEEL CHAIR WITH CUSHIONED<br>12 Nos @ 1350 | 19116 | |

പ്രൊജക്റ്റ് നിർവഹണ ഫയൽ പരിശോധിച്ചതിൽ നിർവഹണ ഏജൻസികളിൽ നിന്ന് ബിഡിംഗ് ക്ഷണിച്ചാണ് വിതരണക്കാരായി ARTCO യെ തെരഞ്ഞെടുത്തത് എന്ന് കാണുന്നു. ഈ നടപടികളിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്ന് മാത്രമായി ബിഡിംഗ് ക്ഷണിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
2. അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ബിഡിംഗ് ക്ഷണിച്ചതിൽ വിതരണം ചെയ്യേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.
3. ബിഡിംഗ് പ്രകാരം നിരക്ക് ക്വോട്ട് ചെയ്ത SIDCO, ARTCO എന്നിവർ നിരക്ക് ക്വോട്ട് ചെയ്ത സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യത്യസ്തമാണ്.
4. വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള സാധനങ്ങളുടെ നിരക്കുകൾ താരതമ്യം ചെയ്ത് ARTCO നിരക്കുകളാണ് കുറഞ്ഞത് എന്ന് എങ്ങനെയാണ് തീരുമാനത്തിൽ എത്തിയത് എന്ന് വ്യക്തമല്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/25-10-2023 ) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമാണ് വാങ്ങൽ നടത്തിയത് എന്നും, ബിഡിംഗ് നോട്ടീസിൽ ഫർണിച്ചർ സ്പെസിഫിക്കേഷൻ ചേർക്കാൻ വിട്ടുപോയതായിരുന്നു എന്നും അത് പിന്നീട് സ്ഥാപനങ്ങളെ അറിയിച്ചിരുന്നു എന്നുമാണ് വ്യക്തമാക്കിയത്. മറുപടിയിലെ പരാമർശങ്ങൾ ശരിയല്ല.

എന്നിരുന്നാലും ARTCO വിതരണം ചെയ്ത ഫർണിച്ചറുകൾക്ക് സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷനുമായി വളരെച്ചെറിയ വ്യത്യാസം മാത്രമാണ് ഉള്ളത് എന്നത് പരിഗണിച്ചും വാങ്ങുന്നതിന് രണ്ട് സ്ഥാപനങ്ങളുടെ നിരക്ക് പരിഗണിച്ചിരുന്നു എന്നത് കണക്കിലെടുത്തും വാങ്ങൽ നടപടികൾ ഈ വർഷത്തേക്ക് മാത്രം അംഗീകരിക്കുന്നു.

തുടർന്നുള്ള വർഷങ്ങളിൽ വാങ്ങൽ നടത്തുമ്പോൾ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്.

## 1-29 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് സഹായം- മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ്

2022-23 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് സഹായം എന്ന പ്രൊജക്റ്റ് ( 233/23 ) പ്രകാരം GVHSS കീഴപറമ്പ് സ്കൂളിന് ₹ 25000 ധനസഹായം നൽകിയിട്ടുണ്ട്. ( Dt 21.03.2023 )

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ GO (MS) 115/2022/lsgd Dt 28.05.2022 ഉത്തരവ് ഖ 7.4.4 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിന് ജില്ലാ പഞ്ചായത്തിനും , നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമെ ഫണ്ട് ചെലവഴിക്കാനാവൂ. ( ഒരു സ്കൂളിന് ₹20000 ൽ അധികരിക്കാതെ )

മാർഗ്ഗരേഖയിലെ വ്യക്തമായ നിർദ്ദേശത്തിന് വിരുദ്ധമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിന് പഞ്ചായത്ത് പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/25.10.2023 ) മാർഗ്ഗരേഖയിൽമാറ്റം വന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്റ്റ് ആയതിനാൽ 2022-23 വർഷത്തിലും നടപ്പാക്കുകയാണ് ചെയ്തത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മാർഗ്ഗരേഖ പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിനത്തിന് സഹായം നൽകുക എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയായി നിജപ്പെടുത്തിയതിനാൽ ഇക്കാര്യത്തിന് പഞ്ചായത്ത് പണം ചെലവഴിച്ചത് ശരിയല്ല. എന്നിരുന്നാലും മാർഗ്ഗരേഖയിൽ മാറ്റം വരുത്തിയ ആദ്യവർഷത്തിൽ നടപ്പാക്കിയ പ്രൊജക്റ്റ് എന്ന പരിഗണനയിൽ നിർവഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നു.

2022-23 വർഷത്തിൽ പഞ്ചായത്ത് ധനസഹായം നൽകിയ സ്കൂളിന് ഇതേ ആവശ്യത്തിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നത് അന്വേഷിച്ച് ജില്ലാ പഞ്ചായത്ത് സഹയം ലഭിച്ചിട്ടുണ്ടെങ്കിൽ പഞ്ചായത്ത് നൽകിയ ധനസഹായത്തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തുടർന്നുള്ള വർഷങ്ങളിൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി.

| ക്രമ നം. | പ്രൊജക്റ്റ് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 129/23 | അഗ്രോ ഫാർമസി-പ്രാഥമിക വിള ആരോഗ്യ കേന്ദ്രം | 29,991 (15,000 DF-G+ 14,991 OF) | 1) 22150952025001444541/23-3-23 Rs. 15,000<br>2) 0/23-3-2023 Rs.14,991 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻററിന്റെ ഇൻവോയ്സ്/ കാഷ് ബിൽ നം. 374/21-3-23 പ്രകാരം താഴെ പയുന്നവ വാങ്ങി.<br>1.<br>1 \| Pseudomonas \| 64 Kg @ 85 \| 5440<br>2 \| Trichoderma \| 77 Kg @ 120 \| 9240<br>3 \| Verticillium \| 60,250 Kg @ 85 \| 5121<br>4 \| Beavvana \| 60 Kg @ 85 \| 5100<br>5 \| Neem Soap \| 21 Nos @60 \| 1260<br>6 \| Kavaj \| 10 Ltr @ 84 \| 840<br>7 \| Reflecting Ribbon \| 15 Nos @ 65 \| 975<br>8 \| Fortified Vermi Wash \| 13 Ltr @100 \| 1300<br>9 \| Hume Plus \| 6.5 Ltr @110 \| 715<br>TOTAL \| \| 29,991 |
| 2 | 302/23 | ഇടവിളകൃഷി-വിത്ത് വിതരണം | 2,42,000 (DF-G ) | 22150952025001241551/24-2-2023 Rs. 2,42,000 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻററിന്റെ ഇൻവോയ്സ്/ കാഷ് ബിൽ നം. 354/23-2-23 പ്രകാരം 484 Tuber Kit @ 500 വാങ്ങി. |

അപാകതകൾ

1) ഈ പ്രൊജക്റ്റുകളിലുൾപ്പെടുത്തി അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻറർ കിഴിശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ സ.ഉ.(കൈ) നം. 115/2022 /തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ

അംഗീകരിച്ച നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല.

2) ക്രമ നമ്പർ 1 ലെ പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നിബന്ധനയായി മേൽ ഉത്തരവിൽ പരാമർശിച്ച കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/ 28-10-2023 ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-31 കാർഷിക പ്രൊജക്ടുകൾ- ഇ-ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയില്ല.

| പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BRNo. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|
| 296/23 | മൺ ചട്ടിയിൽ പച്ചക്കറി തൈ വിതരണം | 12,47,040<br>(9,35,280 DF-G + 3,11,760 BC) | 1) 22150952025001234583/23-2-23 Rs. 3,24,000<br>2) 22150952025001286540/3-3-23 Rs. 2,70,000<br>3) 22150952025001311199/8-3-23 Rs. 3,41,280<br>4) 0/16-3-23 Rs. 3,11,760 (BC) | DeeZAgro Farms, Elamdesam, Idukki<br>1) Bill No. 52/20-2-23 – 150 Nos @ 2880= 4,32,000<br>2) Bill No. 57/23-2-23 – 125 Nos @ 2880 = 3,60,000<br>3) Bill No.61/4-3-23 – 158 Nos. @ 2880 = 4,55,040 |

ഈ പ്രൊജക്ട് പ്രകാരം മൺ ചട്ടിയിൽ പച്ചക്കറി തൈ വിതരണത്തിന് ചട്ടിയും തൈകളും വാങ്ങിയത് ഇ-ടെണ്ടർ നടപടിയിലൂടെയാണ്.

Tender ID: 2022_DP_542897_1

Organisation Chain : Director Of Panchayath// Deputy Director Of Panchayath Malappuram// Keezhuparamba Grama Panchaytah.

എന്നാൽ ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ നടപടിയിൽ പങ്കെടുത്തതായി കാണുന്നു.

1) DeeZ Agro Farms (L1)

2) Kodur Karshika Karma Sena

3) Yanisco

4) Maria Hygene Solution

5) SRK Enterprises

ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയ വിവരം അറിയിക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/ 28-10-2023 ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-32 മരാമത്ത് പ്രവൃത്തിയിൽ അധിക നിരക്ക് നൽകി – ₹ 7248 തിരിച്ചടച്ചു.

കരിങ്കൽക്കെട്ട് പൊളിക്കുന്നതിനും, കോൺക്രീറ്റ് പൊളിക്കുന്നതിനും MORD SOR പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ OD നിരക്ക് തയ്യാറാക്കി നിരക്ക് അനുവദിച്ചത്മൂലം വിവിധ പ്രവൃത്തികളിൽ അധികച്ചെലവായ ₹7248 ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് ( 20,21/25.10.2023 ) പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു. (രസീത് നം 1230101399/ G100503 Dt 28.10.2023)

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ ഉദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി

സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.
3. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
4. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

   അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 32/ 28.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കാഷ്ബുക്ക് ശരിയായി എഴുതിതയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002519 നമ്പർ അക്കൗണ്ടിൽ 21.10.2023 ന് ₹ 116233 യും SBI യുടെ അരീക്കോട് ശാഖയിലുള്ള 67097165521നമ്പർ അക്കൗണ്ടിൽ 21.10.2023 ന് ₹ 55587 യും, 37854478710 നമ്പർ അക്കൗണ്ടിൽ 21.10.2023 ന് ₹ 671721 യും അവശേഷിക്കുന്നുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതി പൂർത്തീകരിച്ച 31.03.2022 വരെയുള്ള കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം പൂർണ്ണമായി രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് പൂർണ്ണമായി കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി,ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. . അക്കൗണ്ടിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 33/ 28.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 അനുമതിയില്ലാത്ത ബാങ്ക് അക്കൗണ്ട്.

SBI യുടെ അരീക്കോട് ശാഖയിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ 67097165521നമ്പർ SB അക്കൗണ്ട്, 37854478710 നമ്പർ കറണ്ട് അക്കൗണ്ട് എന്നിങ്ങനെ രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്.

ഇ ടെണ്ടർ , GST ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് മാത്രമെ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. എന്നാൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ സർക്കാർ അനുവാദം നൽകിയ കറണ്ട് അക്കൗണ്ടിന് പുറമെ SBI യിൽ ഒരു SB അക്കൗണ്ട് കൂടി നിലവിലുണ്ട്. ഈ അക്കൗണ്ടിൽ 21.10.2023 ന് ₹ 55587 അവശേഷിക്കുന്നുണ്ട് എന്നും ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ മേൽ പരാമർശിച്ച ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏതിനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താനായിട്ടില്ല.

SB അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക ഏതിനത്തിലുള്ളതാണ് എന്ന് കണ്ടെത്തി അർഹരായവർക്ക് നൽകേണ്ടതും സർക്കാർ അനുവാദമില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-36 ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ ഇ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ ഒടുക്ക് വരുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽSBI യുടെ അരീക്കോട് ശാഖയിൽ 37854478710 നമ്പര് കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 08.08.2018 ന് അക്കൗണ്ട് ആരംഭിച്ച ഈ അക്കൗണ്ടിൽ 30.01.2019 മുതൽ ടെണ്ടർ ഫീ വരവ് വന്നിട്ടുണ്ട് . ഈ അക്കൗണ്ടിൽ 21.10.2023 ന് ₹ 671721 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്നും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ

വ്യക്തമായി.

ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന പണം പഞ്ചായത്തിന്റെ തനത് ഫണ്ട് ആയതിനാൽ ഈ പണം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതായിരുന്നു. മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ടിൽ 21.10.2023 വരെ ആകെ ₹661721 ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഈ തുക പഞ്ചായത്ത് തനത് ഫണ്ട് ആയതിനാൽ പഞ്ചായത്തിലേക്ക് ഒടുക്ക് വരുത്തേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ ഈ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ട് കറണ്ട് അക്കൗണ്ട് ആയതിനാൽ അക്കൗണ്ടിൽ നിലനിൽക്കുന്ന പണത്തിന് ബാങ്കിൽ നിന്ന് പലിശ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് ഇനത്തിൽ ലഭിച്ച പണം യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താത്തതിനാൽ പഞ്ചായത്തിന് പലിശ ഇനത്തിൽ വൻ തുക നഷ്ടം വന്നിട്ടുണ്ട്.

ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിലേക്ക് ഒടുക്ക് വരുത്താനുള്ള തുക ₹661721 പഞ്ചായത്ത് ഫണ്ടിൽ അടിയന്തിരമായി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 33/ 28.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

**1) പദ്ധതി നം.8/23-PHC ക്ക് മരുന്ന് വാങ്ങൽ**

അടങ്കൽ - 3,75,000/-(75000വികസന ഫണ്ട് ജനറൽ+300000മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 3,75,000/-/-

വിവിധ ബില്ലുകൾ പ്രകാരമുള്ള ആകെ ചെലവ് തുകയിൽ ചുവടെ ചേർത്ത ബില്ലുകൾ പ്രകാരമുള്ള തുകകൾ മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നാളുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവ്/ബിൽ വിവരം, KMSCLപ്രഫോമ ഇൻവോയ്സ് നം | ക്രമ നം | ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നം./തിയതി | ലഭ്യമായ മരുന്നിന്റെ തുക | ആകെ ലഭ്യമായ മരുന്നുകൾ(തുക) | ആകെ ലഭ്യമാകാനുള്ള മരുന്നുകൾ(തുക) |
|---|---|---|---|---|---|
| ബിൽനം. 15/30.12.2022<br>75,000/-<br>PRF3177/26.12.2022 | 1 | 598/10.04.23 | 13582 | 31054 | 43946 |
| | 2 | 1654/04.05.23 | 17472 | | |
| ബിൽനം. 17/06.01.2023<br>2,25,000/-<br>PRF3214/27.12.2022 | 1 | 17320/01.09.23 | 439 | 163657 | 61343 |
| | 2 | 16797/21.08.23 | 3376 | | |
| | 3 | 14309/28.07.23 | 8243 | | |
| | 4 | 13043/15.07.23 | 10483 | | |
| | 5 | 11476/05.07.23 | 9633 | | |
| | 6 | 11481/05.07.23 | 1622 | | |
| | 7 | 7927/06.06.23 | 15139 | | |
| | 8 | 10185/21.06.23 | 29386 | | |
| | 9 | 6178/26.05.23 | 28306 | | |
| | 10 | 3638/16.05.23 | 2632 | | |
| | 11 | 3186/12.05.23 | 1749 | | |
| | 12 | 27877/27.03.23 | 3584 | | |
| | 13 | 27262/30.03.23 | 15778 | | |
| | 14 | 26994/15.03.23 | 57 | | |
| | 15 | 26074/01.03.23 | 6899 | | |
| | 16 | 25647/27.02.23 | 4155 | | |
| | 17 | 23548/20.01.23 | 22176 | | |
| ആകെ | | | | | 105289/- |

**2) പദ്ധതി നം 12/23-പരിരക്ഷ ദീർഘ കാല രോഗീ പരിചരണം**

അടങ്കൽ - 9,77,400/-(8,02,400വികസന ഫണ്ട് ജനറൽ+1,75,000മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 9,76,693/- (8,01,693വികസന ഫണ്ട് ജനറൽ+1,75,000മെയിന്റനൻസ് ഫണ്ട് റോഡിതരം)

വിവിധ ബില്ലുകൾ പ്രകാരമുള്ള ആകെ ചെലവ് തുകയിൽ ചുവടെ ചേർത്ത ബില്ലുകൾ പ്രകാരമുള്ള തുകകൾ മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നാളുതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവ്/ബിൽ വിവരം, KMSCLപ്രഫോമ ഇൻവോയ്സ് നം | ക്രമ നം | ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നം./തിയതി | ലഭ്യമായ മരുന്നിന്റെ തുക | ആകെ ലഭ്യമായ മരുന്നുകൾ(തുക) | ആകെ ലഭ്യമാകാനുള്ള മരുന്നുകൾ(തുക) |
|---|---|---|---|---|---|
| ബിൽനം. 13/30.12.2022<br>1,75,000/-<br>PRF3176/26.12.2022 | 1 | 25493/23.02.23 | 45158 | 139401 | 35599 |
| | 2 | 27188/20.03.23 | 23071 | | |
| | 3 | 7680/05.06.23 | 4500 | | |
| | 4 | 12670/13.07.23 | 2095 | | |
| | 5 | 14011/26.07.23 | 64577 | | |
| ബിൽനം. 14/30.12.2022<br>1,00,000/-<br>PRF3150/23.12.2022 | 1 | 12717/14.07.23 | 29106 | 96176 | 3824 |
| | 2 | 13085/17.07.23 | 648 | | |
| | 3 | 26276/02.03.23 | 65380 | | |
| | 4 | 1053/19.04.23 | 1042 | | |
| ബിൽനം. 16/06.01.2023<br>2,19,200/-<br>PRF3230/28.12.2022 | 1 | 25643/27.02.23 | 4155 | 189469 | 29731 |
| | 2 | 25603/27.02.23 | 4593 | | |
| | 3 | 27585/23.03.23 | 14269 | | |
| | 4 | 3420/15.05.23 | 15923 | | |
| | 5 | 3429/15.05.23 | 15956 | | |
| | 6 | 3633/16.05.23 | 3226 | | |
| | 7 | 6165/26.05.23 | 42183 | | |
| | 8 | 7552/03.06.23 | 8539 | | |
| | 9 | 8603/10.06.23 | 27260 | | |
| | 10 | 10182/21.06.23 | 46730 | | |
| | 11 | 13040/15.07.23 | 1994 | | |
| | 12 | 18123/19.09.23 | 2050 | | |
| | 13 | 18515/22.09.23 | 2591 | | |
| ആകെ | | | | | 69154/- |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/2022-23/27.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ലഭ്യമാക്കാനവശേഷിക്കുന്നതായുള്ള 174443/- (105289+69154) രൂപയുടെ മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 1-38 ചട്ടപ്രകാരമല്ലാതെ കെട്ടിടം തരം മാറ്റം വരുത്തിയത്-വിശദാംശങ്ങൾ/ഫയൽ/രേഖകൾ ലഭ്യമാക്കിയില്ല.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഘടനാ പരമായ മാറ്റങ്ങൾ വരുത്തുന്ന സംഗതികളിൽ പുതുക്കിയ പ്ലാനും സമർപ്പിച്ച് ആയത് പ്രകാരം കെട്ടിടത്തിന് ചട്ടം നിർദ്ദേശിക്കുന്ന വാഹന പാർക്കിംഗ് ഉൾപ്പടെയുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതുമുണ്ട്.

എന്നാൽ ചുവടെ ചേർത്ത, 'കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് ' എന്ന തരം കെട്ടിടങ്ങൾ 'പാർപ്പിട' കെട്ടിടങ്ങളായി തരം മാറ്റം വരുത്തുന്നതിന് കെട്ടിട ഉടമ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, വാർഡ് ക്ലർക്കിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എടുത്ത്, തരം മാറ്റം അനുവദിക്കുകയും വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 40 രൂപയിൽ നിന്നും 3 രൂപയായി പുതുക്കി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സഞ്ചയയിൽ ഇവ പാർപ്പിട കെട്ടിടങ്ങളാണ്.

| ക്രമ നം | കെട്ടിട നമ്പറുകൾ | കെട്ടിട ഉടമ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 7/262 A മുതൽ L വരെ | ശ്രീ. അബൂബക്കർ കെ.ടി | 07.11.2022ലെ 5(1) |
| 2 | 9/268 A മുതൽ F വരെ | ശ്രീമതി. ഖദീജ എം.പി | 19.09.2022 ലെ 5(1) |

അസി. എഞ്ചിനിയറുടെ പദ്ധതികളുടെ ഫീൽഡ് പരിശോധനക്കിടെ 27.10.2023ന് മേൽ പട്ടികയിലെ ക്രമ നം1 കെട്ടിട നമ്പറുകൾ പ്രകാരമുള്ള മുറികൾ ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ, മേൽ കെട്ടിട നമ്പറുകൾ ടി ഉടമസ്ഥന്റെ തന്നെ വാണിജ്യ ആവശ്യത്തിന് നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ മുകളിലെ രണ്ടും മൂന്നും നിലകളിൽ, ഒന്ന്, രണ്ട് മുറികളുള്ളതും ബാത്ത് റൂം, ഡൈനിംഗ്, കിച്ചൺ സൗകര്യങ്ങളോട് കൂടിയ ഫ്ലാറ്റുകളായി നിർമ്മാണം പൂർത്തീകരിച്ചതും, ചിലത് പൂർത്തീകരിച്ച് വരുന്നതായും കണ്ടു.

സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ രണ്ടാം നിലയിൽ, 7/262A മുതൽ D വരെയുള്ളവ 120 ച.മീ. വിസ്തീർണ്ണമുള്ളതും 262 E-40 ച.മീ, 262 F – 20 ച.മീ എന്നിങ്ങനെ ആകെ 540ച.മീ. ഏരിയയും, മൂന്നാം നിലയിൽ 7/262G മുതൽ J വരെയുള്ളവ 120 ച.മീ. വിസ്തീർണ്ണമുള്ളതും 262 K-40 ച.മീ, 262 L – 20 ച.മീ എന്നിങ്ങനെ ആകെ 540ച.മീ. ഏരിയയും ആണ് തരം മാറ്റം അനുവദിച്ച് റസിഡൻഷ്യൽ ഫ്ലാറ്റ് ഗണത്തിൽ വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നൽകിയത്. ഇത് പ്രകാരം, 75ച.മീ-ൽ അധികരിച്ച 8 ഫ്ലാറ്റുകൾ ഉള്ളതിനാൽ ഓരോന്നിനും ചട്ടപ്രകാരം ഓരോ കാർ പാർക്കിംഗ് സൗകര്യം എന്ന തോതിൽ ആകെ 8 എണ്ണവും ഒരു വിസിറ്റർ പാർക്കിംഗും ഉൾപ്പടെ 9 കാർ പാർക്കിംഗ് ഉണ്ടായിരിക്കേണ്ടതാണ്. ഇതോടൊപ്പം താഴത്തെ രണ്ട് കൊമേഴ്സ്യൽ നിലകൾ (മുകളിലെ ഒരോ നിലകളും 540 ച.മീ വീതം ഉള്ളതിനാൽ താഴത്തെ ഒന്നും രണ്ടും നിലകളും ഇപ്രകാരം 540 വീതം ഉണ്ടാകാവുന്നതാണ്. ആയത് പ്രകാരം 1080/90=12 കാർ പാർക്കിംഗ് + 9 = 21 കാർ പാർക്കിംഗും ആവശ്യമായി വരും) കൂടി പരിഗണിക്കുമ്പോൾ പാർക്കിംഗും മറ്റ് നിയന്ത്രണങ്ങളും ചട്ടപ്രകാരം പാലിക്കുന്നുണ്ടോ എന്നത് പൂർണ്ണമായും പരിശോധിച്ച ശേഷം പുതുക്കിയ പ്ലാൻ അംഗീകരിച്ചായിരുന്നു തരം മാറ്റം അനുവദിക്കേണ്ടിയിരുന്നത്(മാത്രമല്ല, 20ച.മീ മാത്രം വിസ്തീർണ്ണമുള്ള മുറിയും റസിഡൻഷ്യൽ ഫ്ലാറ്റായി തരം മാറ്റം അനുവദിച്ചിട്ടുണ്ട്).

എന്നാൽ മേൽ തരം മാറ്റം വരുത്തൽ സംബന്ധിച്ച്, കെട്ടിടം തരം മാറ്റം വരുത്തുമ്പോൾ KPBR ചട്ടപ്രകാരമുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് നടപടികൾ സ്വീകരിച്ചാണോ തരം മാറ്റം അനുവദിച്ചത് എന്നതുൾപ്പടെയുള്ള വിവരം പരിശോധിക്കുന്നതിന് ഇത് സംബന്ധിച്ച അപേക്ഷ, ഫയൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 31/2022-23/28.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എഞ്ചിനിയറിംഗ് വിഭാഗം മേൽ രണ്ട് കെട്ടിടങ്ങളും പരിശോധിച്ച് റിപ്പോർട്ട് സഹിതം തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി.

ശ്രീ. യൂസുഫ് ചീമാടൻ എന്നവർക്ക് കിഴപറമ്പ് വില്ലേജിൽ റിസർവ്വേ നം. S-21 R-313/12-12 സ്ഥലത്ത് നിലവിലുള്ള, താഴത്തെ നില 200ച.മീ ബിൽഡ് അപ് ഏരിയയുള്ള കോമേഴ്സ്യൽ കെട്ടിടത്തിന് ഒന്നാം നിലയിൽ 245ച.മീ വിസ്തീർണത്തിൽ നിർമ്മിക്കുന്നതിന് A3-BA(206055)/2022/22.06.22 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഒരു വശത്ത് സെറ്റ്ബാക്ക് 30cm, 70cm എന്നിങ്ങനെ ആയതിനാൽ ആ വശത്തുള്ള പ്ലോട്ട് ഉടമസ്ഥന്റെ സമ്മത പത്രം ഹാജരാക്കിയതും പരിഗണിച്ചാണ് പെർമിറ്റ് അനുവദിച്ചത്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ട് 444 ച.മീ വിസ്തീർണ്ണമുണ്ട്. കെട്ടിടം നില നിൽക്കുന്ന പ്ലോട്ട് PWD റോഡുമായി ചേർന്ന് വരുന്ന സ്ഥലത്ത് , പ്ലോട്ടിന്റെ ഒരു മൂലയിൽ 2.5m, 2.5m, 75cm എന്നിങ്ങനെ വശങ്ങളായി ത്രികോണാകൃതിയിൽ ആകെ 10 സ്ക്വയർ ഫീറ്റ് ഏരിയ സ്ഥലം റോഡ് വികസനത്തിനായി വിട്ട് നൽകിയതിനാൽ ആ ഭാഗത്തെ റോഡിൽ നിന്നുള്ള സെറ്റ് ബാക്കും ആ ഭാഗത്ത് ഒരു കാർ പാർക്കിംഗ് സൗകര്യം ഒരുക്കിയതിലും ചട്ടപ്രകാരമുള്ള ഇളവ് അനുവദിച്ചിട്ടുണ്ട്.

ആകെ 445 ച.മീ വിസ്തീർണ്ണമുള്ളതിനാൽ ചട്ടപ്രകാരം കെട്ടിടത്തിന് 5 കാർ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതുണ്ട്. പ്ലാൻ പ്രകാരം ഇരുചക്ര വാഹന പാർക്കിംഗും നാല് കാർ പാർക്കിംഗും ഒരുക്കിയിരിക്കുന്നത് ഒരേ നിരയിലായിട്ടാണ്. ഒരു വാഹനം മാറ്റാതെ മറ്റൊരു വാഹനത്തിന് പ്രവേശിക്കാനോ തിരിക്കാനോ മറ്റോ സാധ്യമല്ല എന്നാണ് അംഗീകൃത പ്ലാനിൽ നിന്നും വ്യക്തമാകുന്നത്. നിരകളിൽ ആദ്യത്തിൽ പാർക്ക് ചെയ്ത വാഹനങ്ങൾക്ക് പുറത്തേക്ക് പ്രവേശിക്കണമെങ്കിൽ അതിന് പിന്നിൽ/സമീപമുള്ള വാഹനങ്ങൾ മാറ്റേണ്ടതായിട്ടുണ്ട്. മാത്രമല്ല, ഈ പാർക്കിംഗ് ഏരിയയിലേക്ക് ഏത് വഴിയാണ് വാഹനം പ്രവേശിക്കുക / പുറത്തിറങ്ങുക എന്നത് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

KPBRചട്ടം 29(4) പ്രകാരം തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏരിയ നിരകൾക്ക് മദ്ധ്യേയുള്ള പാത , വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. എന്നാൽ ആയത് സൗകര്യപ്പെടുത്താതെയാണ് മേൽ കെട്ടിടത്തിന് പെൽമിറ്റ് അനുവദിച്ചത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 30/2022-23/28.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ കെട്ടിടത്തിന് ചട്ടപ്രകാരമുള്ള പാർക്കിംഗ് മറ്റ് സൗകര്യത്തോടെയുള്ള പുതുക്കിയ പ്ലാൻ ലഭ്യമാക്കി തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-40 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നില്ല എങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതും അല്ലായെങ്കിൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/2022-23/25**.10.2023** ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലിസ്റ്റ് ലഭ്യമാക്കേണ്ടതും അവയിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-41 വിവിധ സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈസൻസ് തുടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ട അപാകതകൾചുവടെ ചേർക്കുന്നു.

(1) സ്ഥാപന തൊഴിൽ നികുതി- ഈടാക്കിയില്ല.

ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കയതായി കാണുന്നില്ല.

A) മാവേലി സ്റ്റോർ കുറ്റൂളി(ലൈസൻസ് നം.37)

B) മാവേലി സ്റ്റോർ കിഴുപറമ്പ്(ലൈസൻസ് നം.48)

(2) തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി-ഈടാക്കിയില്ല.

(A) കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതായി നിരവധി സ്ഥാപനങ്ങൾ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. കൂടുതൽ ആളുകൾ ജോലിക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 47 | സ്പീഡ് ഓഫ്സെറ്റ് പ്രസ്സ് | 6 |
| 2 | 150 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 10 (എണ്ണം തിരുത്തൽ വരുത്തിയതായി കാണുന്നു) |
| 3 | 151 | പോപ്പുലർ ട്രേയ്ഡേഴ്സ് | 6 |
| 4 | 262 | KMCT മെഡിക്കൽ സെൻറർ ഡോ. നവാസ്, ക്ലിനിക്-ലാബ് | 5 |
| 5 | 306 | കെ.കെ ബസാർ-പലചരക്ക്,സ്റ്റേഷണറി, പച്ചക്കറി | 10 |

(B) BSNL കിഴുപറമ്പ് - 2022-23 ലെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല. ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ രസീത് ഉൾപ്പടെ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്ന എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2022-23/25.10.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈടാക്കാനവശേഷിക്കുന്ന മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിന്നശേഷി സ്കോളർഷിപ്പ്- അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി. ₹ 27500 അധികച്ചെലവ്

2022-23 ൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 17/23 ) എന്ന പ്രൊജക്ട് പ്രകാരം ധനസഹായം നൽകിയ രേഖകൾ പരിശോധിച്ചതിൽ സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയത് വഴി പഞ്ചായത്തിന് ₹ 27500 അധികച്ചെലവായി.
2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ GO(MS) 115/2022/LSGD Dt 28.05.2022 നം ഉത്തരവ് പ്രകാരം കുറഞ്ഞത് 40% എങ്കിലും ശാരീരിക വൈകല്യമുള്ളവർക്ക് മാത്രമെ സഹായം നൽകാനാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ( Para 7.1.1 (3) )

ICDS സൂപ്പർവൈസറുടെ 05.01.2023 ലെ ബിൽ പ്രകാരം ( CFC Fund ₹ 747000 ) സ്കോളർഷിപ്പ് ഇനത്തിൽ 27500 നൽകിയ മുഹമ്മദ് ഷമീർ YP ( അക്കൗണ്ട് നം 67216876395 , SBI ) എന്ന വിദ്യാർത്ഥിയുടെ രേഖകൾ പരിശോധിച്ചതിൽ ടിയാന് 25 % ശാരീരിക വൈകല്യം ആണ് ഉള്ളത് എന്ന് വ്യക്തമായി ( സർട്ടിഫിക്കറ്റ് നം MB/6242/ 2021 Dt 03.03.2022 Of District Medical Board, General Hospital Manjery )

ഈ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് ആനുകൂല്യത്തിന് അർഹതയില്ല. അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക ₹ 27500 ഗുണഭോക്താവിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36/28.10.2023 ) ക്ലറിക്കൽ അപാകത മൂലം സംഭവിച്ച പിഴവാണ് എന്നും തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടിലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 263220 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (17/23) | 263220 | 0 |
| | 140000 | ലൈഫ് മിഷൻ ജനറൽ(24/23) | 140000 | 0 |

| | | | | |
|---|---|---|---|---|
| | 112000 | ലൈഫ് മിഷൻ ജനറൽ(92/23) | 112000 | 0 |
| ജില്ലാ പഞ്ചായത്ത് | 297875 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്( 17/23) | 297875 | 0 |
| | 42960 | നെല്ല് കൃഷി സ്ഥിരം കർഷകർക്ക് സഹായം (126/23) | 42960 | 0 |
| | 20000 | ലൈഫ് മിഷൻ ജനറൽ(24/23) | 20000 | 0 |
| | 392250 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(340/23) | 392250 | 0 |
| | 277621 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ (140/23) | 277621 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നം./പേര് | വൗച്ചർ നം./തീയതി | മുൻകൂർ തുക | ചെലവ് | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 88/23 | 178/20.02.23 | 676777 | 676777 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ വരവ് തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | LF511/2018/ 02.01.19 | 0 | 1389890 | 748329 | 0 | 641561 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

AFS പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 1100/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1(2) | 110 | ആങ്ങാടൻ ഫാത്തിമ | 1220202907/24.11.2022 |
| 2019-20 | 1-12(2) | 1000 | റഷാദ് പി | 1220200966/01.08.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37 | 2002-03 | VII.1.10(i) | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| “ | 38 | “ | VII.1.10(ii) | ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | ” |

| | | | | | |
|---|---|---|---|---|---|
| “ | 40 | “ | VII.1.10(iii) | തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | ” |
| “<br>1999-2000 | 41<br>11 | “<br>2004-05 | VII.1.10(iv)<br>3.10.1(ii) | തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി 75804 രൂപ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | ” |
| 2000-01 | 15 | 2004-05 | “ | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | ” |
| 1999-2000 | 15 | 2004-05 | 3.1.10.1(13) | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | ” |
| 2014-15 | 2(3),2(4) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | ” |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. ഇ.വി പരമേശ്വരൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 18738/- | -- | -- | -- | ലഭ്യമാക്കേണ്ടതാണ്. | -- | 18738/- |
| 2 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. മധുസൂദനൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 9773/- | -- | -- | -- | -- | -- | 9773/- |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക( രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-2000 | 2-4 | കെ. നാരായണ പിള്ള, | LF16724/ Spl.cell/(sc5) | 27350/- | -- | -- | -- | -- | -- | 27350/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | /05/06-07-09 | | | | | | | |
| 2 | 2011-12, 12-13 | 3-18 | ശ്രീ. മുഹമ്മദ് സി, ഹെഡ്മാസ്റ്റർ, വിദ്യഭ്യാസ വകുപ്പ് | KSA11218/ Spl.cell/SC /D1/16 /08.01.18 | 16000/- | 16000/- (4144/ 20.03.17) | -- | -- | -- | 16000/- | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138584218 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117322993 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1366670 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 27500 | ശ്രീമതി ബാസിമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | ഇല്ല | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപേരും |
|---|---|---|
| 1-16 | 620000 | ശ്രീ. ബിനു കെ.സി, സെക്രട്ടറി |
| 1-17 | 261270 | ശ്രീ. ബിനു കെ.സി, സെക്രട്ടറി |
| 1-20 | 280000 | ശ്രീ. ബിനു കെ.സി, സെക്രട്ടറി |
| 1-21 | 158000 | ശ്രീമതി. സീനത്ത്.കെ, സെക്രട്ടറി |
| 1-22 | 16900 | ശ്രീ. ബിനു കെ.സി, സെക്രട്ടറി |
| 1-26 | 30500 | ശ്രീമതി ബാസിമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1366670 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബാസിമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | പുളിക്കൽ ഹൗസ്, അരീക്കോട് പി.ഒ. മലപ്പുറം ജില്ല-673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 11 |
| 1998-99 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 20 |

| | | |
|---|---|---|
| 1999-2000 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 17 |
| 2000-01 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 9 |
| 2001-02 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 2 |
| 2002-03 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം22/412/2019(1) തി.21-10-2022 | 1 |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 |
| 2007-08, 2008-09, 2009-10 | കെ.എസ്.എ.എം.പി.എം22/412/2019(5) തി.21-10-2022 | 1 |
| 2010-11 | കെ.എസ്.എ.എം.പി.എം22/2252/21(1) തി.4-8-2022 | 1 |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം22/2252/21(2) തി.8-8-2022 | 7 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം22/675/22(1) തി.22-6-2022 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം22/675/22(2) തി.22-6-2022 | 8 |
| 2016-17 | കെ.എസ്.എ.എം.പി.എം 22/2983/2022(1) തി11.05.23 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 22/2983/2022(2) തി11.05.23 | 9 |
| 2018-19 | കെ.എസ്.എ.എം.പി.എം 22/2983/2022(3) തി11.05.23 | 5 |
| 2019-20 | കെ.എസ്.എ.എം.പി.എം 22/818/22 തി 03.06.2022 | 23 |
| 2020-21 | കെ.എസ്.എ.എം.പി.എം 22/1405/22 (2)തി 05.08.2022 | 9 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/3031/22/11.04.23 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ.11/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 11-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Keezhuparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keezhuparamba Grama Panchayat for the year 2022-2023

**Date: 06/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Keezhuparamba Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Notes on accounts
iii. Comparative amounts)

2)Asset Register is not upto date and hence not reliable for audit

3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4) Employment Guarantee Scheme contribution amounts do not match between I-6 and 1-14.

5) Factories/Traders License Fees collection amounts do not match between the Annual Financial Statements and the Register.

6)There is no match between the income amount as per ACR and AFS in the fund items.

a) Development Fund General

b) Development Fund SCP

c) Maintenance Grant -Road

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്